# 7

# “കർത്താവേ, ഏത്രത്തോളം?”

## (1:1– 8)

ദൈവം “തന്റെ ഭുജവീര്യത്താൽ” തങ്ങളുടെ പിതാക്കന്മാരെ മിസ്രയിമിൽനിന്ന് കൊണ്ടുവന്നതിനേക്കാൾ യെഹൂദന്മാർക്ക് ആശ്വാസകരമായി മറ്റൊന്നുണ്ടായിരിക്കയില്ല (പുറപ്പാട് 32:11). യിസ്രായേൽമക്കളെ മിസ്രയീമ്യർ ഞെരുക്കി ഭാരപ്പെടുത്തിയപ്പോൾ അവർ ദൈവത്തോട് നിലവിളിച്ചു. ദൈവം “അവരുടെ നിലവിളി കേട്ടു” (പുറപ്പാട് 3:7; കെജെവി) അവരെ വിടുവിച്ചു. അങ്ങനെ, മരുഭൂമിയിൽവെച്ച് മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നതിന്റെ മുമ്പിൽ മോശെ നിൽക്കുമ്പോൾ ഈ അത്ഭുതകരമായ വാക്കുകൾ കേട്ടു:

> ഞാൻ അബ്രാഹാമിന്റെ ദൈവവും, ഇസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്നും അവൻ അരുളിച്ചെയ്തു … . മോശെ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു മുഖം മൂടി. യഹോവ അരുളിച്ചെയ്തത്, മിസ്രയിമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു. ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയിമ്യരുടെ കയ്യിൽനിന്ന് വിടുവിപ്പാനും ആ ദേശത്തു നിന്നു നല്ലതുംവിശാലവുമായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക് … അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങി വന്നിരിക്കുന്നു. യിസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു, മിസ്രയിമ്യർ അവരെ ഞെരുക്കിയിരുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു (പുറപ്പാട് 3:6–9).

ഞാൻ വെളിപ്പാടിലെ ആരംഭ വാക്കുകൾ വായിച്ചപ്പോൾ, ഫറവോന്റെ കാലത്ത് യിസ്രായേൽ മക്കൾ അനുഭവിച്ച ഞെരുക്കവും ഡൊമീഷ്യന്റെ കാലത്ത് ക്രിസ്ത്യാനികൾ നേരിട്ട ദുരവസ്ഥയും തമ്മിലുള്ള സമാനത കണ്ട് ഞാൻ അമ്പരന്നുപോയി. നിരാശപൂണ്ട് യിസ്രായേൽ മക്കളുടെ നിലവിളിയോട് ദൈവം പ്രതികരിച്ചതുപോലെ തന്നെയാണ് ക്രിസ്ത്യാനികളുടെ നിലവിളിയോടും അവൻ പ്രതികരിച്ചത് എന്നത് ശ്രദ്ധേയമാണ്.

ആശ്വാസത്തിനായി ക്രിസ്ത്യാനികൾ ദൈവത്തോട് യാചിച്ചിരുന്നു. അദ്ധ്യായം 6–ൽ നാം വായിക്കുന്നു: “ദൈവവചനം നിമിത്തം അറുക്കപ്പെട്ടവർ” (6:9). അവർ അത്യുച്ചത്തിൽ നിലവിളിച്ചു, “ഞങ്ങളുടെ രക്തത്തെ കുറിച്ച്, നീ എത്രത്തോളം, ന്യായവിധി നടത്താതിരിക്കും … ?” (6:10). “വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ” ആ ആവേശകരമായ നിലവിളിയും ചേർന്നു (8:3; കൂടാതെ 5:8; 8:4), അവർ “ഉപദ്രവിക്കപ്പെടുകയായിരുന്നു” (1:9). ക്രിസ്ത്യാനികൾ ഒരുപക്ഷെ അതിശയിച്ചുകാണും: ‘‘എപ്പോഴായിരിക്കും, ദൈവം ഇടപെടുക? ഞങ്ങൾ നീതീകരിക്കപ്പെടുന്നത് എപ്പോൾ?’’ ചോദിച്ചാലും ചോദിച്ചില്ലെങ്കിലും അവരുടെ സംശയനിവാരണമാണ് വെളിപ്പാട്. മോശെക്ക്

മരുഭൂമിയിൽവെച്ച് ആശ്വാസവചനങ്ങൾ കൊടുത്ത ദൈവം, പത്മോസ് ദ്വീപിൽ വെച്ച് യോഹന്നാന് ദൈവം ആശ്വാസവചനങ്ങൾ എത്തിച്ചുകൊടുത്തു.

ഈ പാഠത്തിൽ, വെളിപ്പാട് പുസ്തകത്തിലെ ആദ്യത്തെ എട്ട് വാക്യങ്ങൾ നാം പഠിക്കും. ഈ വാക്യങ്ങൾ ഒറ്റനോട്ടത്തിൽ പുസ്തകം പരിചയപ്പെടുത്തുകയാണെന്ന് തോന്നും, അതുകൊണ്ട് അവ പെട്ടെന്ന് മറികടക്കുവാനും ശ്രമിച്ചേക്കാം - പ്രത്യേകിച്ച് അതിലെ പല പ്രയോഗങ്ങളും നാം പരാമർശിച്ച്കഴിഞ്ഞതുകൊണ്ട്.[1] എങ്ങനെയായാലും, ശ്രദ്ധിച്ചാൽ, ഈ വേദഭാഗം നമ്മുടെ പഠനത്തിന്റെ ഉദ്ദേശം തന്നെ വ്യക്തമാക്കും.

### "നീ ഞങ്ങളെ വന്ന് സഹായിപ്പാൻ ഇനി എത്രത്തോളം?" (1:1, 2)

പുസ്തകം തുടങ്ങുന്നു:

> യേശുക്രിസ്തുവിന്റെ വെളിപ്പാട്, വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്ന്, ദൈവം അത് അവന്ന് കൊടുത്തു; അവൻ അത് തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസ - നായ യോഹന്നാന് പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ വചനവും, യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു (1:1, 2).

*അപോകാലിപ്സിസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "വെളിപ്പാട്" എന്ന വാക്ക്, അർത്ഥം "അനാവരണം ചെയ്യൽ," "തുറന്നു കാട്ടൽ" എന്നാണ്. അടുത്ത കാലത്ത് മഹാനായ ഒരു കലാകാരന്റെ ചിത്രം അനാവരണം ചെയ്തത് മനസിൽ കൊണ്ടുവരിക. ഉദ്വേഗം വളർന്നുകൊണ്ടിരിക്കുന്നു: സങ്കൽപം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. അവസാനം, പണി അനാവരണം ചെയ്തു, പുരുഷാരം അതിന്റെ മനോഹാരിത കണ്ട് അത്ഭുതം കൂറുന്നു. അതുപോലെയാണ്, ദൈവത്തിന്റെ പ്രവൃത്തിയെ വെളിപ്പാട് പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്നത്.

പുസ്തകത്തെ ''യേശുക്രിസ്തുവിന്റെ വെളിപ്പാട്'' എന്നാണ് വിളിച്ചിരിക്കന്നത്. അതിനർത്ഥം വെളിപ്പാട് "(1) യേശുക്രിസ്തുവിനാൽ അല്ലെങ്കിൽ അവനിൽ നിന്ന്, (2) യേശുക്രിസ്തുവിനെ കുറിച്ച്, (3) രണ്ടണ്ടും"[2] വെളിപ്പാട് യേശു യോഹന്നാന് നൽകി എന്നാണ് ആ വാക്യം മൊത്തത്തിൽ പറയുന്നത്, എന്നാൽ പുസ്തകത്തിൽ അധികവും യേശുക്രിസ്തുവിനെ കുറിച്ചും പറയുന്നുണ്ട്.

ആദ്യ വാക്യത്തിൽനിന്ന് മൂന്ന് വസ്തുതകൾ ഊന്നി പറയേണ്ടതുണ്ട്: (1) *ദൈവം* ആ സന്ദേശം യേശുവിന് നൽകി.[3] (2) അവൻ അത് "തന്റെ ദാസ - ന്മാരുടെ"[4] പ്രയോജനത്തിനായി നൽകി - മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവന്റെ ആളുകൾക്ക് (റോമർ 6:17, 18). (3) "*വേഗത്തിൽ* സംഭവിപ്പാനുള്ള ത് ആണ് സന്ദേശമായി തന്റെ ദാസന്മാർക്ക് അവൻ കൊടുത്തത്."[5] (എംഫസിസ് മൈൻ.) "വേഗത്തിൽ" എന്ന വാക്ക് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "പെട്ടെന്ന്" അല്ലെങ്കിൽ "ഉടനെ" എന്നാണ്.[6] "കർത്താവേ, എത്രത്തോളം" എന്ന നിലവിളിയോടുള്ള പ്രതികരണമായി (6:10), ദൈവം ഉത്തരം നൽകി, "ധൈര്യപ്പെടുക; ഇനി അധികം താമസമില്ല! നിങ്ങളെ ആശ്വസിപ്പിപ്പാനും ശത്രുക്കളെ ശിക്ഷിക്കുവാനും *ഞാൻ ഉടനെ വരുന്നു*!"

ഈ സന്ദേശം തന്റെ ആളുകളിൽ എത്തിക്കുവാൻ, ദൈവം വെളിപ്പാടുകളുടെ ഒരു ശ്രുംഖല ഉപയോഗിച്ചു. ദൈവം ആ സന്ദേശം യേശുവിന് നൽകി. യേശു തന്റെ ദൂതനെ അയച്ചു സന്ദേശം യോഹന്നാന് നൽകി (22:8, 16 നോക്കുക) അവൻ അത് ദൈവജനത്തെ പ്രോൽസാഹിപ്പിക്കുവാനായി നൽകി.

ദൈവം → യേശു → ദൂതൻ → യോഹന്നാൻ → ദൈവജനം

"യോഹന്നാൻ" അപ്പൊസ്തലനായിരുന്ന യോഹന്നാൻ, ഒരുപക്ഷെ അപ്പോൾ ജീവനോടെ ഇരിക്കുന്ന ഏക - അപ്പൊസ്തലനായിരിക്കാം അവൻ.സന്ദേശത്തിന്റെ ആധികാരികതക്ക് തന്റെ വായനക്കാർക്ക് അവൻ വ്യക്തിപരമായ ഉറപ്പ് നൽകി. അവൻ പറഞ്ഞു, "അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു" (1:2).[7]

വെളിപ്പാട് ശ്രുംഖലയിൽ ദൈവം ദൂതനെ ഉപയോഗിച്ചത് പ്രാധാന്യ മുള്ള കാര്യമാണ്. മോശെ മരുഭൂമിയിലായിരുന്നപ്പോൾ "യഹോവയുടെ *ദൂതനാ*യിരുന്നു" "മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നപ്പോൾ പ്രത്യക്ഷനായത്" (പുറപ്പാട് 3:2; എംഫസിസ് മൈൻ). അതുപോലെ, ദൈവം തന്റെ ജനത്തിന്റെ നിലവിളി കേട്ടു എന്ന് അറിയിക്കുവാൻ അവൻ ദൂതനെ അയച്ചു.

ദൈവം തന്റെ ജനത്തിന്റെ അപേക്ഷ കേട്ട് മറുപടി നൽകും എന്നു തിരിച്ചറിയുന്നത് പ്രാധാന്യമുള്ള കാര്യമാണ്. രാത്രിയിലെ നിശബ്ദയാമത്തിൽ ഭയം നമ്മെ കീഴ്പ്പെടുത്തുകയും ദുഃഖം നമ്മെ ഭീഷണിപ്പെടുത്തി വിഴുങ്ങുകയും ചെയ്യുമ്പോൾ - കർത്താവിനോടുള്ള നമ്മുടെ നിലവിളി ഇരുട്ട് വിഴുങ്ങിയതായി നമുക്ക് തോന്നും - അപ്പോൾ നാം സങ്കീർത്തനങ്ങൾ 34:15 ലെ വാക്കുകൾ ഓർമ്മിക്കണം: "യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കും." പത്രൊസ് പറഞ്ഞിരിക്കുന്നു, "കർത്താവിന്റെ കണ്ണു നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു" (1 പത്രൊസ് 3:12)!

**"വീണ്ടും ഞങ്ങളെ അനുഗ്രഹിപ്പാൻ ഇനിയും എത്രത്തോളം?" (1:3)**

വെളിപ്പാട് പുസ്തകത്തിൽ മാത്രം ഉള്ള ഒരു അനുഗ്രഹം വാക്യം 3-ൽ കാണാം: "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചുകേൾപ്പിക്കുന്നവനു ം കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു." സഭ കൂടിവരുമ്പോൾ പ രസ്യമായി തിരുവെഴുത്തു *വായിക്കുന്നതിനെയാണ്* വായിക്കുന്നവൻ എന്ന് സൂചിപ്പിച്ചിരിക്കുന്നത്.[8] അക്കാലത്ത്, പലർക്കും വായിക്കുവാൻ കഴിഞ്ഞിരുന്നില്ല - കുറച്ചുപേർക്കു മാത്രമെ തിരുവെഴുത്തിന്റെ കോപ്പി വാങ്ങുവാൻ കഴിഞ്ഞിരുന്നുള്ളു. ആളുകൾ അവരുടെ ജീവിതത്തിൽ ദൈ വേഷ്ടം എന്തെന്ന് അറിയുവാൻ പരസ്യമായ വായന അത്യാവശ്യമായിരുന്നു (റോമർ 10:17).[9] ഇന്ന് ബൈബിൾ ധാരാളം ലഭ്യമാണ്, എങ്കിലും "അർത്ഥം മന

സിലാക്കി" വായിക്കുന്നത് നാം ഇന്നും കേൾക്കേണ്ടതുണ്ട്. (നെഹെമ്യാവ് 8:8 നോക്കുക.)

വെളിപ്പാട് പ്രഖ്യാപിക്കുക മാത്രമല്ല, കേൾക്കുകയും[10] കേൾപ്പിക്കുകയും[11] വേണമെന്നാണ് വാക്യം 3 ഊന്നി പറയുന്നത്. വെളിപ്പാട് "പ്രവചന മാണെന്ന്" യോഹന്നാന് മനസിലായതുകൊണ്ട് അവൻ അതിന്റെ പ്രാധാന്യ ം ഊന്നി പറഞ്ഞിരിക്കുന്നു. "പ്രവചനം" എന്ന വാക്ക് ഊന്നിപ്പറയുന്നത്, അത് ദൈവത്തിൽനിന്നുള്ള വെളിപ്പാടാണെന്നും,[12] അതുകൊണ്ട് അതിനെ നി സാരമായി കാണരുത് എന്നുമാണ്. പ്രത്യക്ഷമായതും പരോക്ഷമായതുമായ കല്പനകൾ വെളിപ്പാടിൽ ധാരാളമുണ്ട്.[13] ആ കല്പനകൾ കേൾക്കുകയും പ്രമാണിക്കയും ചെയ്യുന്നത് തിരഞ്ഞെടുക്കാവുന്നതല്ല.

മോശെ യിസ്രായേൽ ജനത്തെ നയിച്ചപ്പോൾ, അവൻ അവരോട് പറഞ്ഞു, "നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട്, അവന്ന് പ്രസാദമുള്ളത് ചെയ്കയും ... അവന്റെ കല്പനകളെ അനുസരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്ക" (പുറപ്പാട് 15:26). അവർ അങ്ങനെ ചെയ്താൽ അനുഗ്രഹിക്കപ്പെടുമായിരുന്നു (പുറപ്പാട് 23:22). അതുപോലെ, ഉപരോധത്തിലായിരുന്ന അന്നത്തെ ക്രിസ്ത്യാനികളോട് യോഹന്നാൻ പ റഞ്ഞത് വെളിപ്പാടിലെ അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നത് വിശ്വസ്തരായിരിക്കുന്നവർക്ക് മാത്രമാണ് എന്നത്രെ (2:10).

ആ സന്ദേശം ഇന്നും ആവശ്യമാണ്. നമുക്ക് കുഴപ്പം നേരിടുമ്പോൾ, അവന്റെ ഇഷ്ടത്തിനായി നമ്മെ അവന് ഏല്പിച്ചുകൊടുത്തില്ലെങ്കിൽ ദൈ ദവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുകയില്ല. യേശു പറഞ്ഞു, "ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ" (യോഹന്നാൻ 13:17; കൂടാതെ യാക്കോബ് 1:22 ഉം നോക്കുക). അനേകരുടെ തത്വജ്ഞാന ത്തെ വെളിപ്പെടുത്തുന്നതാണ് ഇപ്പോഴത്തെ ഒരു ലൗകിക പാട്ടായ: "ഞാൻ അത് *എന്റെ വഴിക്ക്* ചെയ്തു" എന്നത്. നാം ദൈവത്താൽ അനുഗ്രഹിക്കപ്പെടണമെങ്കിൽ, മനോഹരമായി ഒരു ക്രിസ്തീയ ഗാനത്തിലെ വരികളിലെ വാക്കുകൾ: "ഹാവ് *ദൈൻ* ഓൺ വേ!" പ്രാവർത്തികമാക്കണം.

ആദ്യ ക്രിസ്ത്യാനികൾക്ക്, വാക്യം 3-ൽ ഏറ്റവും പ്രചോദനപ്രദമായ വാക്കുകൾ, "സമയം അടുത്തിരിക്കുന്നു"[14] എന്നതാണ്. മർക്കൊസ് 1:15 ലെ "ആസന്നം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന അതേ ഗ്രീക്ക് വാക്ക് തന്നെയാണ് "അടുത്തിരിക്കുന്നു" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതും: "കാലം തികഞ്ഞു, ദൈവരാജ്യം *ആസന്നമായിരിക്കുന്നു.*" (എംഫസിസ് മൈൻ.) മർക്കൊസ് 1:15-ൽ പറഞ്ഞ "ദൈവരാജ്യം ആസന്നമായിരിക്കുന്നു" എന്ന പ്രയോ ഗം രണ്ടായിരം വർഷങ്ങൾക്ക് ശേഷം ഭാവിയിൽ സംഭവിക്കേണ്ടതായിരുന്നില്ല. മറിച്ച്, അവസാനം, ദൈവരാജ്യം സ്ഥാപിക്കുവാനുള്ള സമയം വന്നിരിക്കുന്നു എന്നാണ് പ്രഖ്യാപിച്ചയാൾ പറഞ്ഞത്. അതുപോലെ, അന്ന് അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞ അനുഗ്രങ്ങൾ, *അന്നത്തെ* ക്രിസ്ത്യാനികൾക്കായിരുന്നു, അല്ലാതെ രണ്ടായിരം വർഷങ്ങൾക്ക് ശേഷമുള്ളവർക്കുള്ളതായിരുന്നില്ല. "ഒരു സഭ, നിലനില്പിനായി ചുമരിനോട് തിരിഞ്ഞ് വിഷമിച്ചിരിക്കുമ്പോൾ, ഇരുപ തു നൂറ്റാണ്ടുകൾക്ക് ശേഷം സംഭവിക്കുവാനിരിക്കുന്ന സ്വർഗീയ സമയവിവര പട്ടികയല്ല വേണ്ടത്. അതിന് അതിന്റെ ജീവനെ യേശു കരുതലോടെ *അപ്പോൾ* ശ്രദ്ധിക്കുന്നു എന്നതാണ് വേണ്ടത്."[15]

നിങ്ങൾ തനിച്ചാണെന്നും പരാജയപ്പെടുന്നു എന്നും സമയാസമയങ്ങളിൽ

നിങ്ങൾക്ക് തോന്നിയിരിക്കാം. അങ്ങനെ സംഭവിക്കുമ്പോൾ, കുഴപ്പത്തിൽ *സഹായിക്കുവാൻ എപ്പോഴും* ദൈവം ഉണ്ടാകുമെന്ന് ഓർമ്മിക്കുക (സങ്കീർത്തനങ്ങൾ 46:1–7). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ കുഴപ്പത്തിൽ സഹായിക്കുവാൻ ദൈവം *തയ്യാറായിരുന്നു.* നിങ്ങളേയും അനുഗ്രഹിക്കുവാൻ അവൻ തയ്യാറാണ്!

**"ഇനിയും എത്രത്തോളം നീ ഞങ്ങളുടെ കഷ്ടത കാണാതിരിക്കും?" (1:4)**

4 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ യോഹന്നാൻ അനുവർത്തിച്ചത് അന്നത്തെ ശരാശരി എഴുത്തുകളുടെ നിലവാരമായിരുന്നു. എഴുത്തുകളിൽ ആദ്യം എഴുതുന്ന ആളുടെ പേരും ലഭിക്കേണ്ട ആളുടെ പേരും വ്യക്തമാക്കും. അതുകൊണ്ട് നാം വായിക്കുന്നു, ''യോഹന്നാൻ ആസ്യയിലെ ഏഴ് സഭകൾക്ക് എഴുതുന്നത്" (1:4). "ആസ്യ" എന്നത് ഏഷ്യാ ഭൂഖണ്ഡത്തെയല്ല സൂചിപ്പിക്കുന്നത്, പിന്നെയോ അത് റോമൻ പ്രവിശ്യയായിരുന്നു. അത് സ്ഥിതി ചെയ്തിരുന്നത് ഇപ്പോഴത്തെ തുർക്കിയുടെ പടിഞ്ഞാറെ തീരത്തായിരുന്നു.[16] ആ ഏഴ് സഭകളെ അദ്ധ്യായത്തിൽ പിന്നീട് പറയുന്നുണ്ട്: ഇടവകകൾ കൂടി വന്നിരുന്ന പട്ടണങ്ങൾ, എഫെസൊസ്, സ്ഫുർന്ന, പെർഗമൊസ്, തുയഥൈര, സർദ്ദീസ്, ഫിലദെൽഫിയ, ലവൊദിക്യ എന്നിവയായിരുന്നു (വാ. 11).

ആ പ്രവിശ്യയിൽ ഏഴിൽ കൂടുതൽ സഭകൾ സ്ഥാപിക്കപ്പെട്ടിരുന്നതുകൊണ്ട്, "എന്തുകൊണ്ട് ഏഴ് മാത്രം?" എന്ന ചോദ്യം ഉയർന്നിട്ടുണ്ട്. വിദ്യാഭ്യാസപരമായ ചില ഊഹങ്ങൾ നമുക്ക് നടത്താം: (1) പുസ്തകത്തിലെ "ഏഴിന്" ഊന്നൽ കൊടുത്തുകൊണ്ടായിരിക്കാം ഏഴു സഭകൾ തിരഞ്ഞെടുത്തത്. (2) പ്രവിശ്യക്കകത്ത് വൃത്താകാരത്തിൽ റോഡിനോട് ചേർന്നായിരിക്കാം ആ പട്ടണങ്ങൾ സ്ഥിതി ചെയ്തിരുന്നത്; ആ പട്ടണങ്ങളിൽനിന്ന് ആ പ്രദേശം മുഴുവൻ സന്ദേശം എത്തിക്കുവാൻ കഴിയുമായിരുന്നേക്കാം. (3) ആ ഏഴു സഭകൾ അക്കാലത്തും എക്കാലത്തും പ്രത്യേകതയുള്ളതുകൊണ്ടായിരിക്കാം അവ തിരഞ്ഞെടുത്തത്.

പ്രസക്തമായ ചോദ്യം, ''എന്തുകൊണ്ട് *ആസ്യയിലെ* ഏഴു സഭകൾ?" എന്നതായിരിക്കും. വെളിപ്പാട് പുസ്തകം എഴുതിയപ്പോഴേക്ക്, റോമൻ സാമ്രാജ്യത്തിൽ മിക്കവാറും എല്ലായിടത്തും സഭകൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു, അപ്പോൾ പിന്നെ എഴുത്തുകൾ ആസ്യയിലെ ഏഴു സഭകൾക്ക് മാത്രം അയക്കുവാൻ എന്തായിരുന്നു കാരണം? ഏറ്റവും ഭയാനകമായ ഉപദ്രവം നടന്നിരുന്നത് അവിടെയായിരുന്നു; അവിടെയുള്ള ക്രിസ്ത്യാനികളായിരുന്നു ഏറ്റവും അധികം ഉപദ്രവിക്കപ്പെട്ടിരുന്നത്. അതിന് രണ്ട് കാരണങ്ങളുണ്ടായിരുന്നു: (1) ആസ്യയിൽ ചക്രവർത്തിയാരാധന ശക്തമായിരുന്നു. "കൈസറിനെ ആരാധിക്കുന്ന സമ്പ്രദായം ആസ്യയിൽ വളരെ പ്രചരിക്കപ്പെട്ടിരുന്നു. എല്ലാ തരത്തിലുമുള്ള രഹസ്യവാദങ്ങൾക്കും മതസമ്പ്രദായങ്ങൾക്കും വളക്കൂറുള്ള മണ്ണായിരുന്നു ആസ്യ. ഇത് കൗശലദേശഭക്തിയും, മതവുമായി, ബന്ധപ്പെട്ടിരുന്നതുകൊണ്ട്, മറ്റൊരു സമ്പ്രദായവും ഇതുപോലെ പ്രബലപ്പെട്ടിരുന്നില്ല.''[17] (2) ആസ്യയിൽ ക്രിസ്ത്യാനിത്വം ശക്തി പ്രാപിച്ചിരുന്നു. ഏ.ഡി. 70 നുശേഷം ആ പ്രദേശം "ക്രിസ്ത്യാനിത്വത്തിന്റെ ശക്തികേന്ദ്രമായിരുന്നു."[18] ക്രിസ്ത്യാനിത്വം ശക്തമായി ചക്രവർത്തിയാരാധനയെ എതിർത്തതുകൊണ്ട്, പോരാട്ടം ഒഴിച്ചുകൂടാനാവാത്തതായിരുന്നു. റോമൻ ഗവൺമെന്റിന്റെ അത്യുഗ്രമായ

ശിക്ഷ ആസ്യയിൽ താമസിച്ചിരുന്ന ക്രിസ്ത്യാനികളുടെ മേൽ വീണു.

എവിടെയാണ് ആവശ്യമെന്ന് ദൈവത്തിന് *അറിയാമായിരുന്നു*. തന്റെ മക്കൾ എവിടെയാണ് വേദനിക്കുന്നതെന്ന് അവന് അറിയാം, അതുകൊണ്ട് എവിടെയാണോ ആശ്വാസം ആവശ്യം അവിടെ അത് എത്തിക്കും. അവൻ മോശെയുടെ അടുത്ത് വന്ന്, അവനോട് പറഞ്ഞു, "മിസ്രയിമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു ... ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു" (പുറപ്പാട് 3:7). പെർഗമൊസിലെ സഭയോട് അവൻ പറഞ്ഞു, "നീ എവിടെ പാർക്കുന്നു എന്നും, അത് സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു" (2:13) – എവിടെയാണ് സാത്താന്റെ ഏറ്റവും വലിയ ശക്തി എന്ന്. ദൈവം അപ്പോഴും അറിയുന്നവൻ തന്നെയാണ്. നിങ്ങളുടെ ഹൃദയം തകരുന്നത് ദൈവത്തിന് അറിയാം. ജീവിതഭാരം നിങ്ങളെ ഭീഷണിപ്പെടുത്തി കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നത് അവന് അറിയാം. നിങ്ങൾക്ക് ഇനി മുൻപോട്ട് നീങ്ങുവാൻ കഴിയാത്ത സാഹചര്യവും അവന് അറിയാം. "ദൈവം ... എല്ലാം അറിയുന്നു" (1 യോഹന്നാൻ 3:20)!

**"നീ ഞങ്ങൾക്ക് ഉറപ്പ്നൽകുവാൻ ഇനിയും എത്രത്തോളം?" (1:4, 5)**

അന്നത്തെ എഴുത്തുകളിൽ, പിന്നെ വരുന്നത് വന്ദനമാണ്. യോഹന്നാൻ എഴുതി, ''നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ'' (വാ. 4).[19] ദൈവത്തിൽനിന്നുള്ള അനർഹമായ ഉപകാരമാണ് ''കൃപ.'' നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നതിന്റെ ഫലമായുണ്ടാകുന്നതാണ് "സമാധാനം." യോഹന്നാന്റെ വായനക്കാർ ദൈവത്തിന്റെ കൃപ വീണ്ടും ഉറപ്പിക്കുന്നതിനും, അവന്റെ സമാധാനം അവരുടെ ഹൃദയങ്ങളിൽ വരേണ്ടതിനും നോക്കിപ്പാർത്തിരിക്കുകയായിരുന്നു.

അതുകൊണ്ട്, യോഹന്നാൻ പറഞ്ഞു, ഈ വന്ദനം "ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവനിൽനിന്നും,[20] അവന്റെ സിംഹാസനത്തിന് മുമ്പിലെ ഏഴ് ആത്മാക്കളുടെ പക്കൽനിന്നും,[21] യേശുക്രിസ്തുവിൽനിന്നും" (വാ. 4, 5). പദപ്രയോഗം അസാധാരണമാണ്, എങ്കിലും യോഹന്നാൻ പറഞ്ഞത് ദൈവികത്വത്തെയാണ്: പിതാവും, പുത്രനും, പരിശുദ്ധാത്മാവും: (1) സന്ദർഭത്തിൽ, ''ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും'' പിതാവായിരിക്കണം, നിത്യപിതാവ്.[22] (2) ''അവന്റെ സിംഹാസനത്തിന് മുമ്പിലുള്ള ഏഴ് ആത്മാക്കൾ'' പരിശുദ്ധാത്മാവിനെ ആയിരിക്കണം സൂചിപ്പിച്ചത്.[23] "ആത്മാവ് ഒരുവൻ" മാത്രമാകയാൽ (എഫെസ്യർ 4:4), "ഏഴ്" ആലങ്കാരിക പ്രാധാന്യത്തോടെ "പൂർണ്ണത" അല്ലെങ്കിൽ "വിശുദ്ധതികവ്" സൂചിപ്പിക്കുന്നതാകണം.[24] "ഏഴ് ആത്മാക്കൾ" എന്ന പ്രയോഗം (അല്ലെങ്കിൽ ഏഴ് – ഇരട്ടി ആത്മാവ്" എന്ന് എൻഐവിയുടെ കുറിപ്പിൽ പറഞ്ഞിരിക്കുന്നത്) ഒരുപക്ഷെ ദൈവേഷ്ടം നിറവേറ്റുന്നതിൽ ആത്മാവിന്റെ പൂർണ്ണകഴിവും പ്രയോഗിച്ചു എന്നതാകണം ഉദ്ദേശിച്ചത്. (3) പുത്രന്റെ നാമത്താൽ "ത്രിത്വ" ത്തിന്റെ പട്ടിക പൂർത്തിയാകുന്നു: "യേശുക്രിസ്തു."

പിതാവായ ദൈവത്തെ യോഹന്നാൻ വിവരിക്കുവാൻ ഉപയോഗിച്ച പ്രയോഗം അവന്റെ വായനക്കാർക്ക് ശക്തമായ സൂചന നൽകുന്നതാണ്. തന്റെ ജനത്തെ വിടുവിപ്പാൻ മോശെയോട് ദൈവം പറഞ്ഞപ്പോൾ, മോശെ തടസവാദം ഉന്നയിച്ചു: ''അപ്പോൾ 'അവന്റെ നാമം എന്തെന്ന്?' അവർ എന്നോട് ചോദിക്കും, ഞാൻ അവരോട് എന്തു പറയേണം?" (പുറപ്പാട് 3:13).

അപ്പോൾ ദൈവം മോശെയോട് പറഞ്ഞു, "**ഞാൻ ആകുന്നവൻ ഞാനാകുന്നു** ... '**ഞാനാകുന്നു** എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയേണം'" (പുറപ്പാട് 3:14). [പുറപ്പാട്] 3:14 ലെ "ഞാനാകുന്നവൻ "എന്നതിന് ഉപയോഗിച്ച "ഗ്രീക്ക് രൂപമാണ് വെളിപ്പാട് 1:4 ലെ ഇരിക്കുന്നവൻ" എന്നതിന് ഉപയോഗിച്ചത്.[25]

പഴയനിയമം പരിചയമുള്ളവർക്ക്, ദൈവത്തിന്റെ ഈ നാമം കേൾക്കുമ്പോൾ, യിസ്രായേലിനെ ദൈവം വിടുവിച്ചുകൊണ്ടുവന്നത് ഓർക്കാതിരിക്കുവാൻ കഴിയുകയില്ല. തങ്ങൾ യഹോവയുടെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്ന് തെളിയിക്കുവാനായി മോശെയും അഹരോനും ഫറവോന്റെ മുമ്പിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചത് അവർ ഓർക്കും. മിസ്രയിമിനെ മുട്ടുകുത്തിച്ച വെള്ളം രക്തമായി മാറിയതടക്കമുള്ള - പത്തു ബാധകളും അവർ ഓർക്കും.

ഫറവോന് ഭീഷണിപ്പെടുത്തുവാൻ കഴിയാതിരുന്ന ദൈവത്തെ ഭീഷണിപ്പെടുത്തുവാൻ കൈസറിനും സാധ്യമല്ല എന്ന് ഞെരുക്കത്തിലായിരുന്ന ക്രിസ്ത്യാനികളെ ഉറപ്പിക്കുക തന്നെ ചെയ്യും. പണ്ട് തന്റെ ജനത്തെ വിടുവിച്ച ദൈവം ഇന്ന് തന്റെ ജനത്തെ വിടുവിക്കും, കാരണം ദൈവമാണ് അപ്പോഴും നിയന്ത്രിക്കുന്നത്. *നമ്മുടെ* പ്രശ്നങ്ങളിൽനിന്ന് ദൈവം നമ്മെ വിടുവിക്കുമെന്ന് നിങ്ങളും ഞാനും ഉറപ്പിക്കണം. നമ്മുടെ ദൈവം "ഇരുന്നവനും, ഇരിക്കുന്നവനും, വരുന്നവനുമാണ്"!

### "എത്രത്തോളം നീ നിയന്ത്രിക്കാതിരിക്കും?" (1:5, 6)

ശേഷിച്ച ഭാഗങ്ങളിലെല്ലാം യേശുവിനെ കുറിച്ച് പറയുന്നതുകൊണ്ട്, 4 ഉം 5 ഉം വാക്യങ്ങളിൽ യോഹന്നാൻ പിതാവിനേയും, പുത്രനെയും, പരിശുദ്ധാത്മാവിനേയും ലിസ്റ്റ് ചെയ്തപ്പോൾ അവസാനമാണ് പറഞ്ഞിരിക്കുന്നത്. അവൻ ആരാണെന്ന് പറഞ്ഞുകൊണ്ടാണ് യോഹന്നാൻ യേശുവിന് ഊന്നൽ കൊടുക്കുവാൻ തുടങ്ങിയത്: "വിശ്വസ്ത സാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാരുടെ അധിപൻ" (വാ. 5). ഓരോ വാക്കും യോഹന്നാന്റെ വായനക്കാരെ ആശ്വസിപ്പിക്കുന്നതായിരുന്നു:

"*വിശ്വസ്ത സാക്ഷി.*" തന്റെ ജീവിതത്തിലുടനീളം, യേശു വിശ്വസ്തമായി ദൈവേഷ്ടത്തെ സാക്ഷീകരിച്ചു (യോഹന്നാൻ 3:32; 18:37),[26] എന്നാൽ അതിലധികം ഇവിടെ പറഞ്ഞിരിക്കുന്നു. ''സാക്ഷി'' എന്നതു തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കിൽനിന്നാണ് നമുക്ക് "രക്തസാക്ഷി" എന്ന വാക്ക് ലഭിച്ചിരിക്കുന്നത്; യേശു "മരണത്തോളം" വിശ്വസ്ത സാക്ഷിയായിരുന്നു (ഫിലിപ്പിയർ 2:8; കെജെവി).[27]

"*മരിച്ചവരിൽ ആദ്യ - ജാതൻ.*"[28] യേശുവിന്റെ ശരീരം കല്ലറയിൽ തന്നെ കിടന്നില്ല. മരണത്തെ കീഴ്പ്പെടുത്തി, വീണ്ടും മരിക്കാതിരിക്കേണ്ടതിന് ആദ്യമായി എഴുന്നേറ്റവനായിരുന്നു യേശു. "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്'' (വാ. 18). തങ്ങൾ ഉയർത്തെഴുന്നേൽക്കുമെന്ന് ക്രിസ്ത്യാനികൾക്ക് ഉറപ്പുണ്ടായിരുന്നു (1 കൊരിന്ത്യർ 15:54-57)!

"*ഭൂരാജാക്കന്മാരുടെമേൽ അധിപതി.*'' ഉയിർത്തെഴുന്നേറ്റ് നാൽപത് ദിവസങ്ങൾക്കുശേഷം, അവൻ സ്വർഗാരോഹണം ചെയ്തു, അവിടെ പിതാവി

ന്റെ വലത്തുഭാഗത്ത് ഇരുന്നു. അവൻ "പരമാധികാരിയും, രാജാധിരാജാവും കർത്താധികർത്താവുമായി വാഴുന്നു" (1 തിമൊഥെയൊസ് 6:15; കൂടാതെ വെളിപ്പാട് 19:16 ഉം നോക്കുക).[29] ലോകത്തെ വാസ്തവത്തിൽ ഭരിക്കുന്നത് കൈസർ ആയിരുന്നില്ല; യേശു ആയിരുന്നു – അവൻ ആ സത്യം വെളിപ്പെടുത്തുവാൻ തയ്യാറായിരിക്കുന്നു!

യേശു ആരാണെന്ന് വിശദമാക്കിയശേഷം, യോഹന്നാൻ സ്വമേധായുള്ള സ്തുതിഗീതത്തിലേക്ക് തിരിഞ്ഞു: "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച്, തന്റെ പിതാവായ ദൈവത്തിന്ന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്ന് എന്നെന്നേക്കും മഹത്വവും, ബലവും ആമേൻ." (വാ. 5, 6). യേശു അവർക്ക് വേണ്ടി എന്തു ചെയ്തുവെന്ന് യോഹന്നാൻ തന്റെ വായനക്കാരെ ഓർപ്പിക്കുകയായിരുന്നു.

അവൻ "*നമ്മെ സ്നേഹിക്കുന്നു.*" "സ്നേഹിക്കുന്നു" എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നത് വർത്തമാനകാലത്തിലാണ്, അത് തുടർപ്രവർത്തിയെയാണ് കാണിക്കുന്നത്.[30] ഭൂമിയിൽ വന്ന് ക്രൂശിൽ മരിച്ചത് തന്റെ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതായിരുന്നു, നമ്മെ കാക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട് തന്റെ സ്നേഹം അവൻ *തുടർന്നും* പ്രദർശിപ്പിക്കുന്നു. മരണത്തെ മുഖാമുഖമായി കാണുന്ന ക്രിസ്ത്യാനികളെ ആ മനോഹരമായ സത്യം ശക്തിപ്പെടുത്തി (റോമർ 8:36, 37).

അവൻ "*നമ്മെ പാപം പോക്കി രക്തത്താൽ വിടുവിച്ചു.*"[31] മുമ്പിലത്തെ പ്രയോഗം വർത്തമാനകാലത്തിലായിരുന്നു ഉപയോഗിച്ചിരുന്നത്, അത് തുടർ പ്രവർത്തിയെ സൂചിപ്പിച്ചു. ഈ പദപ്രയോഗം, അയോറിസ്റ്റ് കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അത് സൂചിപ്പിക്കുന്നത് "ഒരിക്കൽ – മാത്രം" സംഭവിച്ച ഭൂതകാല പ്രവർത്തി എന്നാണ്.[32] യേശുവിന്റെ ക്രൂശിലെ മരണം ഏക – സമയ പ്രവർത്തിയായിരുന്നു! അവൻ നമുക്ക് വേണ്ടി രക്തം ചിന്തിയതുകൊണ്ട്, നമ്മുടെ ആത്മാക്കളിലുണ്ടായിരുന്ന പാപഭാരം അവൻ നീക്കി (റോമർ 5:9; എഫെസ്യർ 1:7; കൊലൊസ്യർ 1:20; 1 പത്രൊസ് 1:18, 19; 1 യോഹന്നാൻ 1:7). അവൻ നമ്മെ സ്വതന്ത്രരാക്കി!

"*അവൻ തന്റെ പിതാവായ ദൈവത്തിന്ന് നമ്മെ ഒരു രാജ്യവും*[33] *പുരോഹിതന്മാരുമാക്കി.*"[34] വീണ്ടും നാം പുറപ്പാട് ഭാഷയിലേക്ക് വന്നിരിക്കയാണ്. ദൈവം യിസ്രായേൽജനത്തിന് ഈ വാഗ്ദാനം നൽകി, "... നിങ്ങൾ എന്റെ വാക്ക് കേട്ട് അനുസരിക്കയും എന്റെ കല്പനകൾ പ്രമാണിക്കയും ചെയ്താൽ ... നിങ്ങൾ എനിക്ക് പുരോഹിത രാജത്വവും വിശുദ്ധജനവും ആകും" (പുറപ്പാട് 19:5, 6). ആയിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് ശേഷം ആ വാഗ്ദാനം അവന്റെ ആത്മിയ യെരുശലേമായ, സഭയിൽ നിറവേറി (ഗലാത്യർ 3:29; റോമർ 2:28, 29; 1 പത്രൊസ് 2:9). എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ്; നാം ദൈവത്തിന് ആത്മീയയാഗം കഴിക്കേണ്ടവരാണ് (1 പത്രൊസ് 2:5; എബ്രായർ 13:15; റോമർ 12:1). എങ്ങനെയായാലും, നാം പുരോഹിതന്മാരേക്കാൾ ഉപരിയാണ്; നാം *രാജകിയ*പുരോഹിതവർഗമാണ്. നാം രാജകീയകുടുംബത്തിന്റെ ഭാഗമാണ്!

നാം യേശുവിന്റെ മനോഗുണങ്ങളിലേക്ക് ഒന്ന് നോക്കിയാൽ, സ്വർഗത്തിലാകട്ടെ, ഭൂമിയിലാകട്ടെ അവന് നിന്യന്ത്രിക്കുവാൻ കഴിയാത്ത ഒന്നുമില്ല എന്ന് കാണാം. യോഹന്നാനോടുകൂടെ നാമും പറയണം, "അവന്

എന്നുമെന്നേക്കും മഹത്വവും, ബലവും, ആമേൻ!" (വാ. 6; ദാനിയേൽ 7:13, 14 നോക്കുക)!

## "ഇനി എത്രത്തോളം ഞങ്ങളുടെ ശത്രുക്കളെ നീ ശിക്ഷിക്കാതിരിക്കും?" (1:7)

യോഹന്നാൻ യേശുവിനെ വിശ്വസ്തൻ, ഉയർത്തെഴുന്നേറ്റവൻ, ഭരിക്കുന്നവൻ, ജീവിക്കുന്നവൻ, മഹത്വമുള്ളവൻ എന്നെല്ലാമാണ് വിശേഷിപ്പിച്ചത്. പിന്നെ പറഞ്ഞത്, അവൻ വരുവാനുള്ളവൻ എന്നാണ്: "ഇതാ അവൻ മേഘാരൂഢനായി വരുന്നു, ഏതു കണ്ണും[35] അവനെ കുത്തിത്തുളച്ചവരും അവനെ കാണും;[36] ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ" (വാ. 7).

ജെ. ഡബ്ലിയു. റോബെർട്ട്സ് പറഞ്ഞു, "[ഈ] വാഗ്ദാനം പ്രാഥമികമായി യേശുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള സൂചനയാണെന്ന വസ്തുത നിഷേധിക്കുവാൻ അസാധ്യമായതാണ്."[37] ഈ സന്ദർഭത്തിൽ, ആ വാഗ്ദാനത്തെ അതിൽ മാത്രം *മിതപ്പെടുത്താവുന്നതല്ല* എന്ന് പറഞ്ഞിരിക്കുന്നു. ദൈവം മേഘത്തിൽ വന്ന് ദുഷ്ടദേശങ്ങളെ ശിക്ഷിക്കുന്നത് തിരുവെഴുത്തിൽ ഉടനീളം കാണാം (യെശയ്യാവ് 19:1 ഉം യെഹെസ്ക്കേൽ 30:3, 4). ക്രിസ്ത്യാനികളെ റോമിന്റെ കാൽക്കീഴിലിട്ട് തങ്ങളുടെ ശത്രുക്കൾ ചവുട്ടി മെതിച്ചുകൊണ്ടിരുന്നപ്പോൾ, തങ്ങളുടെ കർത്താവ് *വേഗം* വന്ന് അവരെ ശിക്ഷിക്കുമെന്ന് അറിയുന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. യേശു അവർക്ക് ഈ വാക്കുകളാൽ ഉറപ്പ് കൊടുത്തു, "ഞാൻ *വേഗത്തിൽ* വരും" (2:5, 16; 3:11; 22:7, 12, 20; എംഫസിസ് മൈൻ).

റോമിനെ ന്യായവിധി നടത്തുവാൻ അവൻ വന്നപ്പോൾ, അസന്തുഷ്ടി വ്യാപരിച്ചു. വാക്യം 7 പറയുന്നു, "ഭൂമിയിലെ ഗോത്രങ്ങൾ[38] ഒക്കെയും അവനെ ച്ചൊല്ലി വിലപിച്ചു"; "അതു മാനസാന്തരപ്പെടുവാനുള്ള വിലാപമായിരുന്നില്ല, പിന്നെയോ, നിരാശകൊണ്ടുള്ള വിലാപമായിരുന്നു."[39] മിസ്രയിമ്യരുടെ ആദ്യ - ജാതന്മാർ മരിച്ചപ്പോൾ അവർ വിലപിച്ചതുപോലെ ആയിരിക്കും ക്രിസ്ത്യാനികളെ ഉപദ്രവിച്ചവർ വിലപിക്കുക (പുറപ്പാട് 11:6). ദൈവജനത്തെ പീഢിപ്പിച്ചവർക്ക് വിതെച്ചതു തന്നെ കൊയ്യേണ്ടിവരും - രണ്ടിരട്ടിയും, മൂന്നിരട്ടിയുമായിരിക്കും!

വാക്യം 7 ലെ വാഗ്ദാനത്തിന് നാം (റോബെർട്ട്സ് പറഞ്ഞതുപോലെ) ഊന്നൽ കൊടുക്കണം."ആ വാഗ്ദാനം *പ്രാഥമികമായി* യേശുവിന്റെ രണ്ടാം വരവിനെയാണ് സൂചിപ്പിക്കുന്നത്." (എംഫസിസ് മൈൻ.) തിരുവെഴുത്തിൽ അവൻ "താൽക്കാലിക - ന്യായവിധിക്കായി വരുന്നു" എന്നു പറഞ്ഞിരിക്കുന്നത് അവസാനം അവന്റെ രണ്ടാം വരവിലേക്ക് വിരൽ ചൂണ്ടുന്നു - അപ്പോൾ എല്ലാവരും ന്യായവിധിക്കായി ദൈവമുൻപാകെ നിൽക്കേണ്ടിവരും - ആ സന്ദർഭത്തിൽ എല്ലാ തെറ്റുകളേയും ശരിയാക്കും.[40] ക്രിസ്തുവിന്റെ വീണ്ടും വരവ് ആശ്വസിപ്പിക്കുന്നതുപോലെ ഉള്ള ആശ്വാസം ക്രിസ്ത്യാനികൾക്ക് വേറെ കാണുകയില്ല! അവന്റെ വരവിനായി നിങ്ങളും ഒരുങ്ങിയിട്ടുണ്ടെങ്കിൽ അവന്റെ വീണ്ടും വരവ് നിങ്ങളെയും ആശ്വസിപ്പിക്കും!

യേശു വീണ്ടും വരുന്നു എന്ന് യോഹന്നാൻ അറിയിച്ചപ്പോൾ, അവൻ പറഞ്ഞു, "ഉവ്വ്, ആമേൻ." അക്ഷരികമായി അവൻ പറഞ്ഞത്, "ആമേൻ, ആമേൻ," എന്നാണ്[41] എല്ലാ ഇടവകകളും "ആമേൻ" എന്നു പറയട്ടെ.[42]

**“വ്യക്തിപരമായ നിന്റെ ഉറപ്പ് നൽകുവാൻ ഇനിയും എത്ര താമസം?” (1:8)**

വാക്യം 8 ലെ യോഹന്നാന്റെ പ്രസംഗം കർത്താവ് തടസപ്പെടുത്തി. “ ‘ഞാൻ ആൽഫയും ഒമേഗയും ആകുന്നു’ എന്ന് ‘ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായ സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു’ ” (1:8). ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെയും അവസാന ത്തെയും അക്ഷരമാണ് “ആൽഫ” യും “ഒമേഗ” യും. “ഞാൻ എ യും ഇസെ ഡും ആണ്” എന്ന് നമുക്ക് പറയാം. ദൈവം ആരംഭവും അവസാനവുമാണ്, ആദ്യനും അന്ത്യനുമാണ്. വാക്യം 4–ൽ പറയുന്ന നിത്യദൈവം എന്ന പ്ര യോഗം പോലെയാണ് “ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും” എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. “സർവ്വശക്തിയുള്ള ദൈവമായ കർത്താവ്” എന്ന പ്രയോഗം വ്യക്തമാക്കുന്നത്, കൈസറല്ല, “എല്ലാറ്റിനേയും നിയന്ത്രിച്ചു ഭരിക്കുന്നത് കർത്താവാണെന്നാണ്” (എൻഈബി).

അവിടെ സംസാരിക്കുന്നത് പിതാവായ ദൈവമാണോ പുത്രനായ ദൈവമാണോ എന്നതിനെ കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പ് ഉണ്ട്. മുൻപ് പിതാവിനെ വിവരിച്ചത് “ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനു മെന്ന്” പറഞ്ഞതുകൊണ്ട് അത് പിതാവാണ് സംസാരിക്കുന്നത് എന്ന് പ റയുന്നു. പിന്നീട് യേശു “ഞാൻ ആൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും, ആദിയും അന്തവുമാകുന്നു” (22:13; 1:17 കൂടെ നോക്കുക) എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട്, സംസാരിക്കുന്നത് പുത്രനാണെന്ന് പ റയുന്നു[43]. അതത്ര കാര്യമാക്കേണ്ടതില്ല.[44] ഏതുവിധത്തിലായാലും, യേശു വിന്റെ വ്യക്തിപരമായ ആധികാരികതെയാണ് വാക്യം 8 വ്യക്തമാക്കുന്നത്: “നല്കപ്പെട്ട വാഗ്ദാനങ്ങളിൽ, നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തെ പണിയാം, കാരണം ഞാനാണ് സംസാരിച്ചിരിക്കുന്നതു!”

കർത്താവിൽനിന്നുണ്ടായ ആ വ്യക്തിപരമായ ഉറപ്പ് മുമ്പുണ്ടായിട്ടില്ലാത്തതായിരുന്നു, അതുപോലെ തന്നെയാണ് ക്രിസ്ത്യാനി കൾക്കുണ്ടായ ഉപദ്രവവും. ‘‘ഞാൻ നേരിട്ട് അതിനെ കൈകാര്യം ചെയ്യും’’ എന്ന വ്യക്തിപരമായ ഉറപ്പ് യോഹന്നാന്റെ കാലയളവിലെ ക്രിസ്ത്യാനികൾക്ക് അത്യാവശ്യമായിരുന്നു. നിങ്ങളുടെ ജീവിതത്തിലും പ്രതിസന്ധിയിലാകുമ്പോൾ, നിങ്ങൾക്കും ആ ഒരു ഉറപ്പ് ലഭിക്കേണ്ടത് ആവശ്യമായേക്കാം!

**ഉപസംഹാരം**

അടിമത്വത്തിലായിരുന്ന യിസ്രായേലിനെ ദൈവം വിടുവിച്ചതും ഉപ ദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളെ ദൈവം വിടുവിക്കുന്നതും തമ്മിലുള്ള പല സമാനതകളും നാം നോക്കുകയുണ്ടായി. വേറെയും പറയുവാനുണ്ടാകും.[45] ഫറവോന്റെ അടുക്കൽ മോശെയേയും അഹരോനേയും അയച്ചതുപോലെ, ദൈവം തന്റെ രണ്ട് “സാക്ഷികളെ അയക്കുന്നത്” “വെള്ളം രക്തമാക്കുവാനു ം ഇഛരിക്കുമ്പോഴൊക്കെയും സകല ബാധകൊണ്ടും ഭൂമിയെ നശിപ്പിപ്പാനും അധികാരം കൊടുത്താണ്” അയക്കുന്നത് (11:3, 6). ദൈവം യിസ്രായേൽജന ത്തെ മരുഭൂമിയിൽ വെച്ച് കരുതിയതുപോലെ (പുറപ്പാട് 3:18), സഭയ്ക്ക് വേണ്ടി “ദൈവം ഒരുക്കിയ ഒരു സ്ഥലമുണ്ട്” എന്ന് നാം വായിക്കുന്നു. ആ സ്ഥലത്തെ വെളിപ്പാടു വിളിക്കുന്നത് “മരുഭൂമി” എന്നാണ്; അവിടെ ദൈവജനത്തെ തീറ്റുകയും (12:6) പോറ്റുകയും ചെയ്യും (12:14). യിസ്രായേൽ “പാലും തേനു

ം ഒഴുകുന്ന ദേശത്തേക്ക്" നടന്നതുപോലെ (പുറപ്പാട് 3:17), നാം "ജീവജലനദിയും" "ജീവവൃക്ഷവും" ഉള്ള നഗരത്തിലേക്ക് നടക്കുകയാണ് (22:1, 2) - അവിടെ ദൈവം നമ്മുടെ കണ്ണുനീരൊക്കെ തുടച്ചുകളയും ... അവിടെ ഇനി "മരണം ഉണ്ടാകയുമില്ല" (21:4)!

ഇപ്പോൾ, എങ്ങനെയായാലും, അവിടെ പറയുന്ന സത്യത്തെ നാം വിശ്വസിക്കുന്നു എങ്കിൽ - നമുക്ക് തരുവാൻ കഴിയുന്ന വെളിപ്പാട് പുസ്തകത്തിലെ ആദ്യത്തെ എട്ട് വാക്യങ്ങളിലെ *ആശ്വാസത്തെ* ഊന്നി പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സൂര്യൻ കിഴക്ക് ഉദിക്കയും പടിഞ്ഞാറ് അസ്തമിക്കയും ചെയ്യുന്ന പ്രതിഭാസത്തെ കുറിച്ച് രണ്ട് കുട്ടികൾ ചർച്ച ചെയ്യുകയുണ്ടായി. ഒരു കുട്ടി പറഞ്ഞു, "എന്റെ അപ്പൻ പറഞ്ഞത്, സൂര്യൻ വാസ്തവത്തിൽ ഇളകുന്നില്ല, ഭൂമിയാണ് കറങ്ങുന്നത്, *നോക്കുമ്പോൾ* സൂര്യൻ ചലിക്കുന്നു എന്നു തോന്നുന്നേയുള്ളു" എന്നാണ്. മറ്റെ കുട്ടി അല്പസമയം അതിനെ കുറിച്ച് ചിന്തിച്ചിട്ട് പറഞ്ഞു, "ഞാൻ എന്റെ കണ്ണുകളെയാണ് വിശ്വസിക്കുന്നത്." ആദ്യത്തെ കുട്ടി ശാന്തമായി തറപ്പിച്ചു പറഞ്ഞു, "ഞാൻ *എന്റെ അപ്പനെ*യാണ് വിശ്വസിക്കുന്നത്" നിങ്ങളും ഞാനും ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന് നമ്മുടെ കണ്ണുകളെ വിശ്വസിച്ചാൽ, ക്രിസ്ത്യാനിത്വം തീർന്നു എന്നു കരുതും. അനേക ക്രിസ്ത്യാനികൾ അവരുടെ കണ്ണുകളെയല്ല, പിതാവിനെയാണ് വിശ്വസിച്ചത് എന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. വിശ്വസ്തരായിരുന്നാൽ വിജയിക്കുമെന്ന് അവരുടെ പിതാവ് വാഗ്ദാനം ചെയ്തിരുന്നു. അവർ ആ വാഗ്ദാനത്തിൽ വിശ്വസിക്കുകയും, അവർ വിജയിക്കുകയും ചെയ്തു. അവനെ വിശ്വസിക്കുന്നതിനും അവനോട് വിശ്വസ്തത പുലർത്തുന്നതിനും ദൈവം നമ്മെ സഹായിക്കട്ടെ![46]

---

## ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ

നമ്മുടെ പഠനത്തിന്റെ ഹൃദയഭാഗാരംഭമാണ് ഈ പാഠം: വെളിപ്പാട് പുസ്തകം മുഴുവൻ തുറന്നു കാണിക്കുന്നതാണ് ഒരു പ്രസംഗപരമ്പര.

1:1-8 നെ സംബന്ധിച്ച ആദ്യ പാഠവുമായുള്ള ബന്ധത്തിൽ, മിസ്രയിമിൽ വെച്ച് യിസ്രായേൽ മക്കളുടെ നിലവിളിയോട് ദൈവം പ്രതികരിച്ചതും ഒന്നാം നൂറ്റാണ്ടിൽ ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളുടെ നിലവിളിയോട് ദൈവം പ്രതികരിച്ചതും തമ്മിൽ താരതമ്യം ചെയ്യുന്ന ഒരുചാർട്ട് നിങ്ങൾക്ക് വേണമെങ്കിൽ തയ്യാറാക്കാം. ചാർട്ട് ഇതുപോലെ തുടങ്ങാം:

| യിസ്രായേൽമക്കൾ | ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ |
|---|---|
| മിസ്രയിമിൽ അടിമകൾ | റോമാക്കാരാൽ ഉപദ്രവിക്കപ്പെട്ടു |
| ദൈവത്തോട് നിലവിളിച്ചു | ദൈവത്തോട് നിലവിളിച്ചു |
| ദൈവം കേട്ടു | ദൈവം കേട്ടു |
| ദൈവം മോശെയോട് സംസാരിച്ചു | ദൈവം യോഹന്നാനോട് സംസാരിച്ചു |
| മരുഭൂമി | പത്മൊസ് ദ്വീപ് |
| ഒരു ദൂതൻ | ഒരു ദൂതൻ |
| കത്തുന്ന മുൾപ്പടർപ്പ് | മഹത്വീകരിക്കപ്പെട്ട കർത്താവ് |
| ദൈവം വാഗ്ദാനം ചെയ്തു വിടുതൽ | ദൈവം വാഗ്ദാനം ചെയ്തു വിടുതൽ |

നിങ്ങൾ വിചാരിക്കുന്നതുപോലെ ആ താരതമ്യം തുടരാം. ഇന്നും നാം ബാധിക്കപ്പെടുമ്പോൾ, ഇപ്പോഴും ദൈവം നമ്മുടെ നിലവിളിയോട് *പ്രതികരിക്കു*മെന്ന് കാണിക്കുന്ന മൂന്നാമത്തെ കോളമായി "ഇന്ന് ക്രിസ്ത്യാനികൾ" എന്നും ചേർക്കാം.

1 മുതൽ 8 വരെയുള്ള വാക്യങ്ങളോട് ഒരു പാരമ്പര്യ സമീപനം എടുക്കുകയാണെങ്കിൽ, മൂന്നു - പോയിന്റുള്ള ഒരു ബാഹ്യരൂപരേഖ ഇതാ: (1) അമാനുഷ എഴുത്ത് (വാ. 1–3); (2) വന്ദനം (1:4–7); (3) മുദ്ര (വാ. 8). പീറ്റേഴ്സന്റെ തലവാചകം "തിരുവെഴുത്തിന്മേലുള്ള അവസാന വാക്ക്" നിങ്ങൾക്ക് ഇഷ്ടമായേക്കാം.[47] ഒരു എഴുത്തോടുകൂടി തപാലിൽ ലഭിക്കുന്ന കയ്യെഴുത്ത് പ്രതിയാണ് വെളിപ്പാട് എന്ന് നിങ്ങൾക്ക് പറയാം. കവറിന്മേൽ "സ്റ്റാമ്പ് ഒട്ടിച്ചിരിക്കുന്നു" എന്നും പറയാം (വാ. 1–3). നിങ്ങൾ കവർ തുറന്ന് ആദ്യം അതിലെ എഴുത്ത് വായിക്കുന്നു (വാ. 4–7), അതിൽ കയ്യെഴുത്തുപ്രതിയിലുള്ള വാഗ്ദാനത്തെ പറഞ്ഞിരിക്കുകയാണ്. കവറിന്റെ അടിയിൽ നോട്ടറിയുടെ മുദ്രയുമുണ്ട്,[48] എഴുത്ത് വാസ്തവമായതെന്ന് ഉറപ്പ് വരുത്തുന്നതാണ് അത് (വാ. 8).

1:1–8 ലെ ചെറിയ ഭാഗങ്ങൾ പ്രസംഗങ്ങൾ ആരംഭിക്കുവാനുള്ള സ്ഥലങ്ങൾ നൽകുന്നു. ഉദാഹരണത്തിന്, ബൈബിൾ വായിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നതാണ് വാക്യം 3.

വെളിപ്പാട് 1:5, 6 ന്മേൽ, "വാട്ട് ക്രൈസ്റ്റ് മീൻസ് ടു മി" എന്ന ഒരു വേദഭാഗ പാഠം ജെയിംസ് സ്റ്റുവർട്ട് *ദ ഗെയിറ്റ്സ് ഓഫ് ന്യൂ ലൈഫ്* എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പോയിന്റുകൾ (1) "അവൻ നമ്മെ സ്നേഹിച്ചു"; (2) അവൻ "പാപം പോക്കി തന്റെ രക്തത്താൽ നമ്മെ വിടുവിച്ചു"; (3) "അവൻ നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കി"; (4) "മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്."

യേശുവിനെ കുറിച്ച് അർത്ഥവത്തായ ഒരു പാഠമായി ഉപയോഗിക്കാവുന്നതാണ് വാക്യം 5 മുതൽ 8 വരെ യേശുവിനെ കുറിച്ച് വിവരിച്ചിരിക്കുന്നത്. "വിശ്വസ്തൻ" എന്നാരംഭിച്ചുകൊണ്ട്, വാക്യം 7 ലെ പരാമർശത്തിൽ നിന്ന് ഞാൻ ആറ് പ്രയോഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1:3 ലെ മനോഗുണങ്ങളിൽ തുടങ്ങി, "വെളിപ്പാട് പുസ്തകത്തിലെ ഏഴ് മനോഗുണങ്ങളെ" അധികരിച്ച് ധാരാളം പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. മറ്റുള്ളവ 14:13; 16:15; 19:9; 20:6; 22:7, 14 എന്നീ ഭാഗങ്ങളിൽ കാണാം. "ഹാപ്പി" എന്ന ലാറ്റിൻ വാക്കിൽനിന്നാണ് "ബിആറ്റിട്യൂഡ്" എന്ന വാക്ക് വന്നത്. അത് ഉപയോഗിച്ചിരിക്കുന്നത് "ബ്ലെസ്ഡ്" എന്ന വാക്കോടുകൂടിയുള്ള വേദഭാഗങ്ങളിലാണ് (ഉദാഹരണമായി മത്തായി 5:3–11). മകാരിയോസ് എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "ബ്ലെസ്ഡ്," അർത്ഥം "ഹാപ്പി" എന്നാണ് – എന്നാൽ "അതിന് 'ഹാപി' എന്നതിനേക്കാൾ വളരെ കൂടുതൽ അർത്ഥമുണ്ട്. ദൈവം ഒരു വ്യക്തിയിൽ അനുകൂല സാഹചര്യം നൽകുന്നു എന്നാണ് വിവരിച്ചിരിക്കുന്നത്."[49]

കുറിപ്പുകൾ

[1]നാം ആവർത്തനത്താലാണ് പഠിക്കുന്നത് എന്നതുകൊണ്ടും പാഠത്തിൽ അതാവശ്യമായിരുന്നതുകൊണ്ടും ചില പരാമർശങ്ങൾ ആവർത്തിച്ചിട്ടുണ്ട്. [2]റോബെർട്ട് മൗൺസ്, നോട്ട്സ് ഓൺ ദ ബുക്ക് ഓഫ് റെവെലേഷൻ, *ദ എൻഐവി സ്റ്റഡി ബൈബിൾ*, ജെന. എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1926. [3]അന്യദേവന്മാരെ വന്ദിച്ചിരുന്നവരിൽനിന്ന് ഉറവിടങ്ങൾ കടമെടുത്തു എന്ന് ചിലർ പറയുന്നു (ബാബേൽ, ഗ്രീക്ക്, റോമാ, യെഹൂദാ ഐതിഹ്യങ്ങൾ), പക്ഷെ യോഹന്നാൻ ഊന്നി പറഞ്ഞത് പുസ്തകം *ദൈവത്തിൽനിന്നു* വന്നു എന്നാണ്. [4]"ബോണ്ട് - സെർവന്റ്സ്" എന്ന് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തതിന്റെ അർത്ഥം "അടിമകൾ" എന്നാണ്. നാം നമുക്കുള്ളവരല്ല, നാം വിലയ്ക്ക് വാങ്ങപ്പെട്ടവരാണ് എന്നാണ് അത് അർത്ഥമാക്കുന്നത് (1 കൊരിന്ത്യർ 6:19, 20). [5]അദ്ധ്യായം 22 ന്റെ വാക്യം 6-ൽ "വേഗത്തിൽ സംഭവിപ്പാനുള്ളത്" എന്നാണ്. [6]ആ പദപ്രയോഗം സിഇൗവി തർജിമ ചെയ്തിരിക്കുന്നത് "പെട്ടെന്ന് സംഭവിക്കുന്നത്" എന്നാണ് (*ദ ഹോളി ബൈബിൾ കണ്ടെമ്പ്രറി ഇംഗ്ലീഷ് വെർഷൻ* [നാഷ്‌വിലേ.: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1995]), പീറ്റേഴ്സണിൽ, "സംഭവിക്കേണ്ടത്" എന്നാണ് (യൂജിൻ. എച്ച്. പീറ്റേഴ്സൺ, *ദ മെസേജ്: ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* [കൊളൊറാഡോ സ്പ്രിങ്ങ്സ്, കൊളൊ: നവപ്രസ് പബ്ലിഷിങ്ങ് ഗ്രൂപ്, 1995], 609). [7]കൂടാതെ നോക്കുക 22:8. യോഹന്നാന്റെ ജീവിതത്തിലുടനീളം, അവൻ ദൈവവചനത്തെ കുറിച്ച് ഒരു വിശ്വസ്ത സാക്ഷിയായിരുന്നു. എങ്ങനെയായാലും, വാക്യം 2-ൽ, പറയുന്ന "ദൈവവചനം നിമിത്തവും" "യേശുക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യവും" അർത്ഥമാക്കുന്നത് "അവൻ പത്മൊസ് ദ്വീപിൽവെച്ച് കണ്ടതും" കേട്ടതുമായ കാര്യങ്ങളാണ്. [8]"അവൻ" എന്നത് ഏകവചനവും "അവർ" എന്നത് ബഹുവചനവുമാണ്. ഒരാൾ വായിക്കുകയും, *അനേകർ* കേൾക്കുകയും ചെയ്തിരിക്കാം. സിഇൗവിയിൽ "എവരിവൺ ഹു റീഡ്സ് ദിസ് പ്രോഫസി ടു അദേഴ്സ്" എന്നാണ്. [9]പള്ളിയാരാധനയുടെ ഭാഗമായിരുന്നു പരസ്യവചനവായന (ലൂക്കൊസ് 4:16; പ്രവൃത്തികൾ 13:15) ക്രിസ്തീയാരാധനയുടെ പ്രധാനഭാഗമായി തീരുകയും ചെയ്തു. [10]കേൾക്കുക എന്ന് 1:3-ൽ പറഞ്ഞിരിക്കുന്നത് ശബ്ദമോ വാക്കുകളോ വെറുതെ കേൾക്കലല്ല. മറിച്ച്, അനുസരിക്കുവാൻ തയ്യാറായി, ശ്രദ്ധയോടെ കേൾക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് (പ്രവൃത്തികൾ 10:33 നോക്കുക). വചനം അവതരിപ്പിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് അതിനോടുള്ള പ്രതികരണവും (മത്തായി 13 ലേയും ലൂക്കൊസ് 8 ലേയും ഉപമകൾ നോക്കുക).

[11]"ഹീഡ്" (കെജെവിയിൽ "കീപ്") അതിന് വരാവുന്ന അർത്ഥം "ടു വാച്ച് ഓവർ, ടു ഗാർഡ് ആന്റ് പ്രൊട്ടക്റ്റ്." വെളിപ്പാട് പുസ്തകം സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം നമുക്ക് ഉണ്ട് (22:18, 19). എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, ആ വാക്കിന്റെ അർത്ഥം, "ആചരിക്കുക അല്ലെങ്കിൽ അനുസരിക്കുക" എന്നാണെന്ന് തോന്നുന്നു. [12]പ്രവചനം എന്ന് കേൾക്കുമ്പോൾ, സ്വാഭാവികമായി നാം വിചാരിക്കുന്നത് "ഭാവി മുന്നറിയിപ്പായിട്ടായിരിക്കും." എങ്ങനെയായാലും, "ഈ പ്രവചനത്തിലെ വാക്കുകൾ" *പ്രമാണിക്കേണ്ടതിന്* ഉള്ളതാണ്. നിങ്ങൾ അനുസരിക്കുന്നത് പ്രവചനമല്ല, കല്പനകളാണ്. വെളിപ്പാടിൽ ഭാവി പ്രവചനങ്ങളും അടങ്ങിയിട്ടുണ്ടെങ്കിലും, പ്രാഥമികമായും ദൈവശ്വാസിയ സന്ദേശത്തെയാണ് "പ്രവചനം" എന്ന് പറഞ്ഞിരിക്കുന്നത്, അതിൽ അനുസരിക്കേണ്ട കല്പനകളും ഉൾപ്പെടുന്നു (22:7 ഉം 22:12 മായും താരതമ്യം ചെയ്യുക). [13]തെളിവായ കൽപനകൾ മിക്കവയും പു

സ്തകത്തിന്റെ ആദ്യവും അവസാനവുമായി കാണാം (2:5, 16, 25; 3:2, 3, 11, 18, 19; 11:11 നോക്കുക), എന്നാൽ 2:10 ലെ കല്പന ("നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; മരണപര്യന്തം വിശ്വസ്തമായിരിക്കുക") അത് പുസ്തകത്തിലുടനീളം *അന്തർലീന* മാണ്. [14]"സമയം അടുത്തിരിക്കുന്നു" എന്ന ഉറപ്പ് 22:10 ലുമുണ്ട്. [15]ഹാരോൾഡ് ഹാസെലിപ്, *ദ ലോർഡ് റെയിൻസ്*: *ഏ സർവേ ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (അബിലീൻ, ടെക്സ്.: ഹെറാൾഡ് ഓഫ് ട്രൂത്ത്, എൻ.ഡി), 4 (എംഫസിസ് മൈൻ.) [16]ഈ പുസ്തകത്തിൽ മുൻപ് വന്ന "ഏ.ഡി. 100 ലെ റോമാസാമ്രാജ്യത്തിന്റെ" ഭൂപടം നോക്കുക. [17]എഡ്വേർഡ് ഏ. മെക്ഡവൽ, *ദ മീനിങ്ങ് മെസേജ് ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 5. [18]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 85. [19]അത് ദൈവശ്വാസിയ എഴുത്തുകാരുടെ ആചാരപരമായ വന്ദന ശൈലിയായിരുന്നു. പത്രൊസിന്റേയും പൗലൊസിന്റേയും ലേഖനങ്ങളുടെ തുടക്കം നോക്കുക. കൂടാതെ, 2 യോഹന്നാൻ 3 ഉം നോക്കുക. [20]ഈ പുസ്തകത്തിൽ, മുൻപ് ഒരു പാഠത്തിൽ പറഞ്ഞു, വെളിപ്പാട് പുസ്തകത്തിൽ ചില ഭാഗത്ത് ഉപയോഗിച്ച ഗ്രീക്ക് വ്യാകരണം യാഥാസ്ഥിതികമായിരുന്നില്ല എന്ന്. ഇതാണ് അവയിൽ ഒന്ന്. മൂലഭാഷയിൽ, അക്ഷരികമായി, "ദ ബീയിങ്ങ് (വൺ), ദ വാസ് (വൺ), ദ കമിങ്ങ് (വൺ) എന്നാണ്." മുൻപ് പറഞ്ഞതുപോലെ, വ്യാകരണം യാഥാസ്ഥിതികമായിരിക്കാം, പക്ഷെ ഫലപ്രദമാണ്.

[21]"സിംഹാസനത്തിന് മുൻപിൽ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് "അവന്റെ ഇഷ്ടം ചെയ്യുവാൻ തയ്യാറായിരിക്കുന്നു എന്നാണ്". [22]ആ വാക്ക് ചിലപ്പോൾ സൂചിപ്പിക്കുന്നത് യേശുവിനെയാണ്, എന്നാൽ വാക്യം 5-ൽ യേശുവിനെ പറഞ്ഞിരിക്കുന്നതുകൊണ്ട്, പിതാവിനെ ആയിരിക്കണം ഉദ്ദേശിച്ചത്. [23]ആ പദപ്രയോഗം ദൈവേഷ്ടം ചെയ്യുവാൻ തയ്യാറായിരിക്കുന്നത് ഏഴ് ആത്മീയ ജീവികളെയാണ് സൂചിപ്പിക്കുന്നത് എന്നാണ് ചിലർ വിശ്വസിക്കുന്നത് (ഒരുപക്ഷെ ദൂതന്മാരായിരിക്കാം). അതിന് സാധ്യതയുണ്ട്, പക്ഷെ ഉടനെയുള്ള സന്ദർഭവും - പുസ്തകസന്ദർഭവും വ്യക്തമാക്കുന്നത് പരിശുദ്ധാത്മാവാണ് എന്നത്രെ: (1) പിതാവിനോടും പുത്രനോടുംകൂടെ ചേർത്ത് കുറഞ്ഞ ആത്മാക്കളെ പറയാറില്ല. (2) "ഏഴ് ആത്മാക്കൾ" എന്നത് (3:1 ലും; 4:5 ലും; 5:6 ലും കാണുന്നു) പരിശുദ്ധാത്മാവല്ലെങ്കിൽ, പരിശുദ്ധാത്മാവിനെ കുറിച്ച് പുസ്തകം അധികമൊന്നും പറയുന്നില്ല. [24]ചിലർ ഇതിനെ യെശയ്യാവ് 11:2 ലെ ആത്മാവിന്റെ ഏഴ് മനോഗുണങ്ങളെ അല്ലെങ്കിൽ സെഖര്യാവ് 4:6, 10 ലെ ദൈവത്തിന്റെ ഏഴു കണ്ണുകളുമായി ഈ വാക്യത്തെ യോജിപ്പിച്ച് പറയാറുണ്ട്. [25]ജെ. ഡബ്ലിയു. റോബെർട്ട്സ്, *ദ റെവലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)*. ദ ലിവിങ്ങ് വേർഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 29. [26]മോശെക്കും ക്രിസ്തുവിനുമിടയിൽ സമാനതകൾ കണ്ടെത്തുവാൻ കഴിയും, രണ്ടുപേരും വചനത്തെ വിശ്വസ്തമായി സാക്ഷ്യപ്പെടുത്തി (സാക്ഷീകരിച്ചു). [27]"മരണപര്യന്തം വിശ്വസ്തരായിരിക്കുവാൻ" യേശു ക്രിസ്ത്യാനികളോട് ആവശ്യപ്പെട്ടപ്പോൾ (2:10), തനിക്ക് ചെയ്യുവാൻ പറ്റാത്തതു ചെയ്യുവാൻ അവരോട് പറയുകയായിരുന്നില്ല. [28]പഴയനിയമകാലത്തെ "ആദ്യ - ജാതനായ മകന്റെ" ശ്രേഷ്ഠതയിൽനിന്നാണ് "ആദ്യ - ജാതൻ" എന്ന വാക്ക് വരുന്നത് (ഉദാഹരണത്തിന്, ആവർത്തനപുസ്തകം 21:15-17). കൊലൊസ്യർ 1:18-ൽ പറയുന്ന "ആദ്യ - ജാതൻ" എന്ന വാക്ക് "ശ്രേഷ്ഠത" എന്ന വാക്കുമായി ചേർന്നിരിക്കുന്നു (കെജെവി; എൻഏഎസ്ബിയിൽ "ഫസ്റ്റ് പ്ലെയിസ്" എന്നാണ്). യെഹോവാ സാക്ഷിക്കാർ പറയുന്നതുപോലെ, "ആദ്യ - ജാതൻ" എന്ന വാക്കിന് യേശു സൃഷ്ടിക്കപ്പെട്ടവനായിരുന്നു എന്ന അർത്ഥ*മില്ല.* [29]ചിലർ പറയുന്നത്

യേശു ഇപ്പോൾ ഭരിക്കുന്നില്ല എന്നാണ്, പക്ഷെ അവൻ ഭരിക്കുന്നു എന്നാണ് ബൈബിൾ പറയുന്നത് (1 കൊരിന്ത്യർ 15:24-28). അവർ ചോദിക്കുന്നത്, "ക്രിസ്തു ഇപ്പോൾ ഭരിക്കുകയാണെങ്കിൽ, എന്തുകൊണ്ടാണ് ലോകത്തിൽ ഇത്രമാത്രം കുഴപ്പം?" ലോകത്തിന്റെ അവസ്ഥ നോക്കി ക്രിസ്തു ഭരിക്കുന്നില്ല എന്ന് പറയുകയാണെങ്കിൽ, ദൈവികത്വത്തിലെ *ആരും* - പിതാവ് പോലും ഭരിക്കുന്നില്ല എന്ന് പറയേണ്ടിവരും! ഈ ചോദ്യത്തെ കുറിച്ചുള്ള ചർച്ചക്ക് നോക്കുക, ജിം മെക്ഗ്വിഗിന്റെ, *ദ ബുക്ക് ഓഫ് റെവലേഷൻ,* ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ് (ലബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 35-37. [30]സമയത്തേക്കാളധികം പ്രവൃത്തികളെയാണ് ഗ്രീക്ക് ഭാഷയിലെ കാലങ്ങൾ കാണിക്കുന്നത്.

[31]പല പുരാതന കയ്യെഴുത്തുപ്രതികളിലും "റിലീസ്ഡ്" എന്നതിനു പകരം "വാഷ്ഡ്" എന്നാണ് (കെജെവിയും എൻകെജെവിയും നോക്കുക). "റിലീസ്ഡ്" (ലൗയോ) എന്നതിന്റെ അതേ ഗ്രീക്ക് വാക്കാണ് "വാഷ്ഡ്" (ലുവോ) എന്നതിനും. അദ്ധ്യായം 7 ന്റെ വാക്യം 14-ൽ "വാഷ്ഡ്" എന്നതിന് ആ ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. [32]ഇംഗ്ലീഷിലെ ഭൂതകാലമാണ്, ഗ്രീക്കിലെ അയോറിസ് ടെൻസ്, പക്ഷെ ഊന്നൽ കൊടുത്തിരിക്കുന്നത് പ്രവൃത്തികൾക്കാണ്. [33]"ടു ബി" എന്ന വാക്ക് ചിലർ തർജിമ ചെയ്തിരിക്കുന്നത് രാജ്യം *ഭാവിയിൽ* സ്ഥാപിക്കും എന്ന അർത്ഥത്തിലാണ്. എങ്ങനെയായാലും, "ടു ബി" എന്ന വാക്ക് എൻഏഎസ്ബിയിൽ ചരിച്ചെഴുതിയിരിക്കുന്നത് സൂചിപ്പിക്കുന്നത് തർജിമക്കാർ ചേർത്തതാണെന്നാണ്. മൂലഗ്രന്ഥത്തിൽ അക്ഷരികമായി വായിക്കുന്നത്, "അവൻ നമ്മെ രാജ്യം ആക്കി" എന്നാണ്. രാജ്യം ഭാവിയിൽ വരുവാനുള്ളതായിരുന്നില്ല; രാജ്യം വന്നുകഴിഞ്ഞിരുന്നു (കൊലൊസ്യർ 1:13). [34]പല പുരാതന കയ്യെഴുത്തു പ്രതികളിലും "രാജ്യം" എന്നതിന് പകരം "രാജാക്കന്മാർ" എന്നാണ് (കെജെവിയും എൻകെജെവിയും നോക്കുക) അടിസ്ഥാനപരമായ അർത്ഥം ഒന്നു തന്നെ. [35]ഇത് യേശുക്രിസ്തു ശാന്തമായും അദൃശ്യമായും 1914-ൽ മടങ്ങി വന്നു എന്ന യഹോവാസാക്ഷിക്കാരുടെ വാദം അപ്രസക്തമാക്കുന്നു. [36]യോഹന്നാൻ 19:32-37 നോക്കുക. [37]റോബെർട്ട്സ്, 31. "സകല ഗോത്രങ്ങളും," "എല്ലാ കണ്ണുകളും" എന്ന് പറഞ്ഞിരിക്കുന്നത് സ്വാഭാവികമായി മനസിലാക്കാവുന്നതുകൊണ്ടാണ് റോബെർട്ട്സ് അത് പറഞ്ഞത്. [38]വെളിപ്പാടിലെ ഭൂ - വാസികൾ അ - ക്രൈസ്തവരാണ്. [39]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 68. [40]താൽക്കാലിക - ന്യായവിധിക്കു വേണ്ടിയുള്ള വരവല്ലാതെ മറ്റൊരു വീണ്ടും വരവില്ല എന്നാണ് ചിലർ കരുതുന്നത്. എന്നാൽ അത് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ വീണ്ടും വരവിനെ കുറിച്ചുള്ള ഉപദേശത്തിന് വിപരീതമാണ്. ഉദാഹരണമായി അവന്റെ വീണ്ടും *വരവ് വരെ* നാം കർത്തൃമേശയിൽനിന്ന് പങ്കെടുക്കണം (1 കൊരിന്ത്യർ 11:26). രണ്ടാം വരവ് സംഭവിച്ചു കഴിഞ്ഞു എങ്കിൽ നാം കർത്തൃമേശ എടുക്കേണ്ട ആവശ്യമില്ലല്ലൊ. ഇനി നാം കർത്തൃമേശ എടുക്കേണ്ടതില്ല എന്ന് ധൈര്യപൂർവ്വം ആരെങ്കിലും പഠിപ്പിക്കുമോ?

[41]യോഹന്നാൻ ആദ്യം ഉറപ്പിക്കുന്നതിന്റെ ഗ്രീക്ക് രൂപവും, പിന്നെ എബ്രായ രൂപവുമാണ് ഉപയോഗിച്ചത്. [42]എടുത്തിരിക്കുന്നത് നെഹെമ്യാവ് 5:13 ൽനിന്ന്; കെജെവി. [43]കൂടാതെ, വാക്യം 8 നു തൊട്ടുമുൻപും പിൻപും പറയുന്നത് ശ്രദ്ധിച്ചാൽ, വാക്യം 8-ൽ പറയുന്നത് യേശുവാണെന്ന് സ്പഷ്ടമാകും. [44]രണ്ടും ദൈവികത്വത്തിന്റെ ഭാഗമാണ് (കൊലൊസ്യർ 2:9 നോക്കുക). ഒരാൾ ചെയ്യുന്നത് മറ്റെയാൾക്കും ചെയ്യുവാൻ കഴിയും. [45]ഈ പുസ്തകത്തിൽ മുൻപ് വന്ന "മോശെയും പുറപ്പാടും" എന്ന ഭാഗം നോക്കുക. മറ്റുള്ളവയും ചേർക്കാം. ഉദാഹരണത്തിന്, സീനായ് പ

ർവ്വതത്തിൽ വെച്ചും (പുറപ്പാട് 19:16, 19) പത്മൊസ് ദ്വീപിൽ വെച്ചും ആളുകളുടെ ശ്രദ്ധ ആകർഷിക്കുവാൻ കാഹളനാദം പോലെയുള്ള ശബ്ദം കേൾപ്പിച്ചിരുന്നു (വെളിപ്പാട് 1:10). ഡൊമീഷ്യനെ പോലെ ഫറവോനും ദൈവമെന്ന് നടിച്ചിരുന്നു എന്നും, വെളിപ്പാട് സംഭവങ്ങൾ നടന്നപ്പോഴും പുറപ്പാട് സംഭവങ്ങൾ നടന്നപ്പോഴും കള്ളപ്രവാചകന്മാർ ഉണ്ടായിരുന്നു എന്നും ശ്രദ്ധിക്കാവുന്നതാണ്. [46]ഈ പാഠം നിങ്ങൾ ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങൾക്ക് വേണമെങ്കിൽ വാക്യം 5 ലേക്ക് മടങ്ങി വരാം: അവൻ "നമ്മുടെ പാപം പോക്കി, അവന്റെ രക്തത്താൽ നമ്മെ വിടുവിച്ചു." രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവർക്ക് മാത്രമുള്ളതാണ് വാഗ്ദാനം – രക്തത്താൽ കഴുകപ്പെടേണ്ടതിന്ന് ഒരാൾ തിരുവെഴുത്തിൻപ്രകാരം സ്നാനമേൽക്കണം (പ്രവൃത്തികൾ 22:16). [47]പീറ്റേഴ്സൺ, 609. [48]നിങ്ങളുടെ പ്രദേശത്ത് ആധികാരികതയെ ഉറപ്പിക്കുന്ന ഏതൊരു മുദ്രയും ഉപയോഗിക്കാം. [49]മൗൺസ്, 1926. വെളിപ്പാട് പുസ്തകത്തിലെ മനോഗുണങ്ങളെ കുറിച്ചുള്ള പാഠങ്ങൾ 1992 ലെ ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ച്ചർഷിപ്പ് ബുക്ക് *വിഷൻ ഓഫ് വിക്ടറി. ദ ബുക്ക് ഓഫ് റെവലേഷൻ,* ആന്റ് ഡി. ടി. നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ.* എ സ്റ്റഡി ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ (ന്യുയോർക്ക്.: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, പബ്ലിഷേഴ്സ്, 1961), 60–61.

---

## പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. വാക്യം 1 ലെ "വേഗത്തിൽ സംഭവിപ്പാനുള്ളത്" എന്നതിന്റേയും വാക്യം 3 ലെ "സമയം അടുത്തിരിക്കുന്നു എന്നതിന്റേയും പ്രാധാന്യമെന്ത്"?
2. ഒന്നാം നൂറ്റാണ്ടിൽ വചനം പരസ്യമായി വായിക്കുന്നതിന്റെ പ്രാധാന്യം എന്തായിരുന്നു? അത് ഇന്നും പ്രാധാന്യമുള്ളതാണോ? എന്തുകൊണ്ട്?
3. "ആസ്യ" എന്ന പ്രയോഗം കൊണ്ട് വെളിപ്പാട് അർത്ഥമാക്കുന്നത് എന്ത്? അത് എവിടെ സ്ഥിതി ചെയ്തിരുന്നു? ഭൂപടത്തിൽനിന്നു കാണുവാൻ ശ്രമിക്കുക.
4. പാഠമനുസരിച്ച്, വാക്യം 4-ൽ പറഞ്ഞിരിക്കുന്ന ഏഴ് ആത്മാക്കൾ ആരെയാണ് ഉദ്ദേശിക്കുന്നത്? ആ പ്രയോഗത്തിലെ "ഏഴ്" എന്ന സംഖ്യയുടെ പ്രാധാന്യം എന്ത്?
5. വാക്യം 8-ൽ "ആൽഫയും ഒമേഗയും" എന്നു പറഞ്ഞിരിക്കുന്നു. എന്താണ് *ആൽഫയും ഒമേഗയും?* കർത്താവിന് ഈ വാക്കുകൾ ഉപയോഗിക്കുമ്പോൾ, അതിന്റെ അർത്ഥം എന്താണ്?
6. പാഠത്തിൽ, പുറപ്പാട് പുസ്തകത്തിലും ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനി കളിലുമുള്ള ദൈവത്തിന്റെ കരുതൽ സംബന്ധിച്ച് ധാരാളം താര തമ്മ്യങ്ങൾ നടത്തിയിട്ടുണ്ട്. നിങ്ങൾക്ക് ചിന്തിക്കാവുന്ന എത്ര താരത മ്യങ്ങളുണ്ട്?
7. ഈ പാഠത്തിൽനിന്ന് വ്യക്തിപരമായി എന്തെങ്കിലും പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? എന്താണ് അത്?